"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് - മലപ്പുറം ജില്ല - ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.02.2021-ലെ 4/38, 18.02.2021-ലെ 44 നമ്പർ തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2526/2024/LSGD തീയതി, തിരുവനന്തപുരം, 23-12-2024**

---

പരാമർശം:-

1. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.02.2021, 18.02.2021 തീയതികളിലെ യഥാക്രമം 4/38, 44 നമ്പർ തീരുമാനങ്ങൾ.
2. ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2021-ലെ എ4.5411/20 നമ്പർ കത്ത്.
3. 05/03/2021-ലെ സ.ഉ.(സാധാ.)നം.663/2021/തസ്വഭവ
4. ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 30.07.2024-ലെ റഫറൻസ് നം.01/2021 ഉത്തരവ്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിലെ ഓർക്കാട്ടേരി ടൗണിൽ ശ്രീ. അബ്ദുൾ അസീസ്, വടക്കയിൽ വീട്, എടച്ചേരി പിഒ എന്ന വ്യക്തി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയ നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 235W 2(1) വകുപ്പനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ അസീസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുമ്പാകെ നൽകിയ അപ്പീൽ 02.02.2021-ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം പരിശോധിക്കുകയും ടി വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസിനെതിരെയുള്ള അപ്പീൽ പരിഗണിക്കാൻ ഭരണസമിതിക്ക് അധികാരമില്ലെന്ന സെക്രട്ടറിയുടെ നിർദ്ദേശം പരിഗണിക്കാതെ ശ്രീ. അബ്ദുൾ അസീസിന് നൽകിയ സ്റ്റോപ്പ് മെമ്മോ റദ്ദ് ചെയ്യുന്നതിനും ടിയാന്റെ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുന്നതിന് അനുമതി നൽകുന്നതിനും 4/38 നമ്പരായി തീരുമാനിക്കുകയും ടി തീരുമാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് നൽകുകയും ചെയ്തിരുന്നു.

2. പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ഭരണസമിതിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 18.02.2021-ന് ചേർന്ന ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും സെക്രട്ടറിയുടെ പുനരവലോകന ഹർജി അടിസ്ഥാനരഹിതമായതിനാൽ നിരസിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു (18.02.2021-ലെ തീരുമാനം നമ്പർ 44). ടി തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നൽകപ്പെട്ട അധികാരസീമ ലംഘിക്കുന്നതാകയാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത

പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളനുസരിച്ച് ടി തീരുമാനങ്ങൾ പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് ചെയ്തിരുന്നു.

3. ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട പരാമർശം(1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലാത്തതായി കണ്ടതിനെത്തുടർന്ന് ടി തീരുമാനങ്ങൾ, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(4) പ്രകാരം സ്റ്റേ ചെയ്യും വകുപ്പ് 191(2) പ്രകാരം ബഹു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

4. കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 235W(1), (2) പ്രകാരമാണ് പഞ്ചായത്ത് സെക്രട്ടറി നടപടികൾ ആരംഭിച്ചിട്ടുള്ളതെന്നും ടി വകുപ്പുകൾ പ്രകാരം നൽകുന്ന നോട്ടീസുകൾക്കെതിരെ ഫയൽ ചെയ്യുന്ന അപ്പീൽ പരിഗണിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമില്ലെന്നും വകുപ്പ് 235W(3) പ്രകാരമുള്ള അന്തിമ ഉത്തരവിനെതിരെ ട്രൈബ്യൂണൽ മുമ്പാകെയാണ് അപ്പീൽ നൽകേണ്ടതെന്നും അതിനാൽ പരാമർശം (1) പ്രകാരമുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ നിയമപരമല്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണൽ പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.02.2021-ലെ 4/38, 18.02.2021-ലെ 44 നമ്പർ തീരുമാനങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(2) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത തീരുമാനങ്ങൾ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രസിഡന്റ്, ഏറാമല ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്; )
ഇൻഫർമേഷൻ ഓഫീസർ ( വെബ് & ന്യൂ മീഡിയ ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (RB3/50/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 23-12-2024 15:04:57
സെക്ഷൻ ഓഫീസർ